5712
16/3/17

**കേരള സർക്കാർ**

പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്

പരിപത്രം

നമ്പർ 303/പൊളിറ്റിക്കൽ-5/2016/പൊ.ഭ.വ. *തിരുവനന്തപുരം, 2017 ഫെബ്രുവരി 25.*

വിഷയം:—പൊതുഭരണ വകുപ്പ്—സർവ്വകക്ഷി യോഗങ്ങൾ—സംഘടിപ്പിക്കുന്നത്—മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്

സംസ്ഥാനത്ത് കാലാകാലങ്ങളിലുണ്ടാകുന്ന വിവിധങ്ങളായ സംഭവവികാസങ്ങളെത്തുടർന്ന് സ്വീകരിക്കേണ്ട നയപരിപാടികൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ പലപ്പോഴും സർവ്വകക്ഷി യോഗങ്ങൾ വിളിച്ച് ചേർക്കാറുണ്ട്. പ്രസ്തുത യോഗത്തിലേക്ക് ക്ഷണിക്കേണ്ട രാഷ്ട്രീയ കക്ഷികളെ സംബന്ധിച്ച് നിയതമായ മാർഗ്ഗരേഖകളൊന്നും തന്നെ നാളിതുവരെയും സർക്കാർ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ഭാവിയിൽ അത്തരം സർവ്വകക്ഷി യോഗങ്ങൾ സംഘടിപ്പിക്കുമ്പോൾ ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി കണക്കിലെടുക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾ/ജില്ലാ കളക്ടർമാർ ശ്രദ്ധിക്കേണ്ടതാണ് :

1. അതത് കാലത്ത് നിയമസഭാ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികളെ മാത്രം സർവ്വകക്ഷിയോഗങ്ങൾക്ക് ക്ഷണിച്ചാൽ മതിയാകും.

2. ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് മറ്റേതെങ്കിലും രാഷ്ട്രീയകക്ഷികളെ കൂടി ക്ഷണിക്കേണ്ടതുണ്ടോ എന്നുള്ള സംഗതിയിൻമേൽ വിഷയത്തിന്റെ അടിസ്ഥാനത്തിൽ അതത് വകുപ്പുമന്ത്രിയുടെ ഉത്തരവ് തേടേണ്ടതാണ്.

3. ജില്ലകളിലെ ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർക്കുമ്പോൾ ആ ജില്ലയിൽനിന്നുള്ള രാജ്യസഭാംഗങ്ങളെ ക്ഷണിക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഷൈൻ എ. ഹഖ്,
*ഡെപ്യൂട്ടി സെക്രട്ടറി ആന്റ്*
*സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർ,*
*അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി.*

GCPT. 3/728/2017/S-14.

പകർപ്പ്:—

എല്ലാ വകുപ്പുകളുടെയും അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം.

നിയമസഭാ സെക്രട്ടറി.

നിയമ സെക്രട്ടറി.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി.

എല്ലാ വകുപ്പുമേധാവികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, കൊച്ചി.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

എല്ലാ സ്വയംഭരണ സ്ഥാപനങ്ങളുടെയും മേലധികാരികൾക്ക്.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മേലധികാരികൾക്ക്.

എല്ലാ സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളുടെയും രജിസ്ട്രാർമാർക്ക്.

കേരള/കൊച്ചി/കാലിക്കറ്റ്/കണ്ണൂർ/മഹാത്മാഗാന്ധി/സംസ്കൃത/ആരോഗ്യ/മലയാളം/കാർഷിക/ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്/വെറ്ററിനറി ആന്റ് ആനിമൽ സയൻസസ്-സർവ്വകലാശാല രജിസ്ട്രാർമാർക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്).

വെബ് ആന്റ് ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്).

പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ.-ക്ക്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.